## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 782 — 25.01.2018-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സൈബർശ്രീ പ്രോജക്ട്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വകുപ്പും ഡി-സിറ്റും സംയുക്തമായി നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സൈബർശ്രീ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി നൂതന സാങ്കേതിക വിദ്യ അഭ്യസിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നതുമായ പരിശീലന പദ്ധതികൾ സൈബർശ്രീ സെന്ററിൽ കൂടി നടത്തി വരുന്നു.<br>ഹരിപ്പാട് സബ്സെന്റർ ആരംഭിക്കുന്നതിനും 3 കോഴ്സുകൾ തുടങ്ങുന്നതിനുമായി 2014-15 ൽ 83,50,570/- രൂപ അനുവദിച്ചിരുന്നു. 2016-17 വർഷം 3 IT related കോഴ്സ് നടത്തുന്നതിന് 33,23,570/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പരിശീലനങ്ങൾ സെന്ററിൽ നടന്നു വരികയാണ്. ഫണ്ടിൽ യാതൊരു കുറവും വരുത്തിയിട്ടില്ല |
| (ബി) | ഈ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പട്ടികജാതി വകുപ്പിൽ നിന്നും കൈമാറിയിട്ടുണ്ടോ; ഈ സെന്ററിന് നൽകുന്ന ഫണ്ടിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ